# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

എൻ.എസ്.എസ്.എൽ.പി.എസ്, അടൂർ

# ആമുഖം

മാറ്റം കാലഘട്ടത്തിൻറെ ആവശ്യമാണ്. അതിവേഗം കുതിച്ചു കൊണ്ടിരിക്കുന്ന മാറി കൊണ്ടിരിക്കുന്ന കാലത്തിനൊപ്പം ഓടിയെത്തുക എന്നത് പ്രധാനമാണ്. പരമ്പരാഗത രീതികളിൽ നിന്ന് മാറി ജനപങ്കാളിത്തത്തോടെയുള്ള മുന്നേറ്റം എല്ലാ മേഖലകളിലും ദൃശ്യമാണ്.

ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് നമ്മുടെ കുട്ടികളെയും സജ്ജരാക്കേണ്ടതുണ്ട്. വിദ്യാലയങ്ങളും അധ്യാപകരും വിദ്യാർഥികളും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർന്നേതീരു. അക്കാദമികമായി തീവ്രമായ ഒരു മുന്നേറ്റം അനിവാര്യമാണ്. തിരുമേനി ഗ്രാമത്തെ വെളിച്ചത്തിലേക്ക് നയിച്ച വിദ്യാലയമാണ് തിരുമേനി എസ്.എൻ.ഡി.പി എൽ.പി സ്കൂൾ. അരനൂറ്റാണ്ട് പിന്നിട്ട ഈ വിദ്യാലയം മാറ്റം ഉൾക്കൊണ്ട് കുതിക്കാൻ ഒരുങ്ങുകയാണ്. ആയതിനു മുഴുവൻ ആളുകളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

# അധ്യാപകർ
## നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ | സ്ഥിരം അധ്യാപകർ | താല്കാലിക അധ്യാപകർ | 3 വർഷത്തിൽ കൂടുതൽ ഈ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| എൽ.പി. വിഭാഗം | 4 | 4 | ..... | 3 |

## പൊതുലക്ഷ്യം

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി ക്ലാസ് മുറികൾ ഹൈടെക് ആക്കും.

3. ജൈവ വൈവിധ്യ ഉദ്യാനം നിലവിൽ വരും.

4. ശാസ്ത്രീയ പ്രീ സ്കൂൾ വിദ്യാഭ്യാസം.

5. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ പ്രത്യേക പരിഗണനയിലൂടെ മുൻ നിരയിലെത്തിക്കൽ.

6. പ്ലാസ്റ്റിക് വിമുക്തവും കീടനാശിനി മുക്തവുമായ ക്യാമ്പസ്.

7. കുട്ടികൾക്ക് ഭാഷ (ഇംഗ്ലീഷ്,മലയാളം) അനായാസമായി കൈകാര്യം ചെയ്യാൻ അവസരമൊരുക്കും.

# മേഖല 1

## ഭാഷാശേഷി വികസനം

**<u>പൊതുലക്ഷ്യം</u>**

1. മുഴുവൻ കുട്ടികളെയും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും ആത്മവിശ്വാസത്തോടെ ആശയവിനിമയം ചെയ്യാനും പ്രാപ്തരാക്കൽ.

2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവുകളുടെ പ്രോത്സാഹിപ്പിക്കൽ.

3. വായന പരിപോഷിപ്പിക്കൽ

ഒന്നാമത്തെ പൊതുലക്ഷ്യത്തിൻറെ ഉപലക്ഷ്യം

ഓരോ ക്ലാസിലെയും കുട്ടികൾ ലക്ഷ്യം നേടുന്നതിനായി വ്യത്യസ്ഥങ്ങളായ പ്രവർത്തനം ആസൂത്രണം ചെയ്യൽ.

ഓരോ കുട്ടികളെയും വ്യക്തിപരമായി തിരിച്ചറിയുന്നു.

പ്രവർത്തനങ്ങൾ

1. ഡു ആൻഡ് ലേൺ ഗെയിം (1,2 ക്ലാസ്സുകളിൽ)

പാഠഭാഗത്തോടനുബന്ധിച്ച് ക്ലാസ് റൂമിൽ നൽകുന്ന മത്സരക്കളി അക്ഷരങ്ങൾ,ചിഹ്നങ്ങൾ, വാക്യങ്ങൾ,വാക്കുകൾ ഇവ ഉറപ്പിക്കുന്നതിനായി പ്രയോജനപ്പെടുത്തുന്നു.

2. അക്ഷര പിരമിഡ് (1,2 ക്ലാസ്സുകളിൽ)

അക്ഷരങ്ങൾ, ചിഹ്നങ്ങൾ,പദങ്ങൾ,വാക്യങ്ങൾ ഇവയിലൂടെ പിരമിഡ് നിർമിക്കുന്നു.

3. മലയാള തിളക്കം, ശ്രദ്ധ പദ്ധതികൾ (3,4 ക്ലാസുകളിൽ)

സ്കൂൾ തുറന്ന ആദ്യ ദിനം തന്നെ പ്രീ-ടെസ്റ്റ് നടത്തുന്നു. മൂല്യനിർണയത്തിനു ശേഷം SRG യിൽ ഫലവിശകലനം. വ്യത്യസ്ഥ നിലവാരം പുലർത്തുന്ന കുട്ടികൾക്കുള്ള പ്രവർത്തന പാക്കേജ്

ക്ലാസ്സ് 3,4

ടു ആൻഡ് ലേൺ ഗെയിം.

ക്ലാസ്സിൽ നടത്തുന്ന മത്സരക്കളിയാണിത്. ഇതിലൂടെ മലയാളത്തിലും ഇംഗ്ലീഷിലും അക്ഷരം, ചിഹ്നം, പദം,വാക്യം, എന്നിവ ഉറപ്പിക്കാനും തിരിച്ചറിയിക്കാനും കഴിയുന്നു. രണ്ട് ഗ്രൂപ്പുണ്ടാക്കുന്നു. ഗ്രൂപ്പിന് ഓരോ ലീഡർമാർ അക്ഷരങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കൽ തെറ്റില്ലാതെ വാക്ക് കണ്ടെത്തൽ 10 പോയിൻറ് വീതം ലഭിക്കുന്നു.

അക്ഷര പിരമിഡ് - 3,4 ക്ലാസ്സ്

ഒരു പദത്തോട് അനുയോജ്യമായ വിശേഷണങ്ങൾ കൂട്ടിച്ചേർത്ത് പദത്തിൽ നിന്നും കൂടുതൽ വാക്യങ്ങൾ നിർമ്മിക്കുന്നു.

DOG

A DOG

A GOOD DOG

A GOOD BLACK DOG

**വിഷ്വൽ മെമ്മറി ഡവലപ്മെന്റ് ടെക്നിക്**

ഒന്ന്,. രണ്ട് ക്ലാസ്സുകളിൽ ഭാഷയിൽ അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള മത്സരക്കളിയാണിത്. ടീച്ചർ നിശ്ചിത അക്ഷരം പഠിപ്പിച്ചതിനു ശേഷം ബോർഡിൽ എഴുതുന്നു, കൂടാതെ മറ്റ് അക്ഷരങ്ങളും എഴുതിയ അക്ഷരങ്ങൾ കുട്ടികൾക്ക് നിരീക്ഷിക്കുവാൻ അവസരം കൊടുക്കുന്നു. ശേഷം അക്ഷരം ചാർട്ട് കൊണ്ട് മറയ്ക്കുന്നു അതിന് ശേഷം മറച്ച ചാർട്ടിന് പുറത്തുകൂടി പഠിച്ച അക്ഷരത്തിൻറെ സ്ഥാനം തിരിച്ചറിയുന്നു. ശരിയാണോയെന്ന് പരിശോധിക്കുന്നു.

2. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കൽ.

പ്രവർത്തനം- സ്കൂൾ ആകാശവാണി

**ക്ലാസ്സ് 1,2**

ക്ലാസ്സ് റൂം പ്രവർത്തങ്ങളുടെ ഭാഗമായി രൂപപ്പെടുന്ന കവിതകൾ,കഥകൾ,വായനകുറിപ്പ്, പത്രം എന്നിവ പ്രത്യേക മുറിയിൽ സജ്ജീകരിച്ച മൈക്കിലൂടെ അവതരിപ്പിക്കാനും ക്ലാസ്സ് മുറികളിൽ സജ്ജീകരിച്ച സ്പീക്കറിലൂടെ കേൾക്കാനും അവസരം ഒരുക്കുന്നു.

**സ്കൂൾ ആകാശവാണി (3,4 ക്ലാസ്സുകളിൽ)**

ക്ലാസ്സ്റൂം ഉൽപ്പന്നങ്ങൾക്ക് പുറമെ പത്രം,ദിനാചരണങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ആകാശവാണിയിലൂടെ അവതരിപ്പിക്കുന്നു. ചൊവ്വ,ബുധൻ,വെള്ളി ദിവസങ്ങളിൽ രാവിലെ 9.20 മുതൽ 9.50 വരെയും ഉച്ചക്ക് 1.15 മുതൽ 1.50 വരെയും ഗാനങ്ങൾ, കവിത, കഥ, പ്രാദേശിക വാർത്തകൾ എന്നിവ അവതരിപ്പിക്കാൻ അവസരം

**വിദ്യാരംഗം കലാസാഹിത്യവേദി**

ജൂൺ മാസത്തിൽ വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരിക്കുന്നു. സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ ക്ലാസ്സ്റൂം പ്രവർത്തങ്ങളുടെ ഭാഗമായി ചെയ്യുന്നു . ക്ലാസ്സ് അടിസ്ഥാനത്തിൽ രചനകൾ (കഥ,കവിത,നാടകം,സ്കിറ്റ്) നിർവഹിക്കുന്നു. വ്യത്യസ്ഥ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നവർക്ക് സ്കൂൾ തല ശില്പശാല നടത്തുന്നു.

ഒരുകുട്ടി ഒരു മാസിക - ക്ലാസ്സ് റൂം ഉൽപ്പന്നങ്ങളിൽ നിന്ന് രൂപപ്പെട്ട ഉൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തി ഓരോ കുട്ടിക്കും ഓരോ മാസിക തയ്യാറാക്കുന്നു.

ന്യൂസ് ആൽബം - പത്ര മാസികകളിൽ വരുന്ന വിദ്യാഭ്യാസ പ്രാധാന്യമുള്ള വാർത്തകൾ വെട്ടിയെടുത്ത് ആൽബം തയ്യാറാക്കൽ.

**വായനാ പരിപോഷണം**

*ലക്ഷ്യങ്ങൾ:-*

1. മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കുക

2. വായന ഒരു ശീലമാക്കുക

3. രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യപ്പെടുത്തുക.

പ്രവർത്തങ്ങൾ

ഒന്നാം ക്ലാസ്സ്, രണ്ടാം ക്ലാസ്സ്

ലൈബ്രറി ശാക്തീകരണം, കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു, വായനക്കൂട്ടം രൂപീകരിക്കുന്നു. 3,4 ക്ലാസ്സുകളിലെ കുട്ടികളെ പ്രയോജനപ്പെടുത്തുന്നു. മാധ്യമ ക്വിസ്സ്, വായന മത്സരം നടത്തുന്നു.

മൂന്ന്, നാല് ക്ലാസ്സ്

വായനക്കൂട്ടം രൂപീകരിക്കുന്നു. വായിച്ച പുസ്തകങ്ങളുടെ കുറിപ്പ്, ആസ്വാദനം എന്നിവ തയ്യാറാക്കുന്നു. അസംബ്ളിയിൽ അവതരിപ്പിക്കുന്നു. ക്വിസ്സ് മത്സരം നടത്തുന്നു.

***ലൈബ്രറി ശാക്തീകരണം***

*ലക്ഷ്യം: -*

വായനശാക്തീകരണം

പാഠപുസ്തകങ്ങളോട് ആഭിമുഖ്യം വളർത്തൽ

പ്രവർത്തനം

നിലവിലുള്ള പുസ്തകങ്ങളുടെ ക്രോഡീകരണം

ഓരോ ക്ലാസ്സിലും ലൈബ്രറി ഒരുക്കൽ. പിറന്നാളിന് ഒരു പുസ്തകം

# ഗണിതം

*ലക്ഷ്യങ്ങൾ:-*

1. ഗണിതപഠനം ആസ്വാദ്യകരമാക്കുക

2.ദൈനം ദിന ജീവിതത്തിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി നേടൽ

3. ഗണിത ക്ലബ്

4. ഗണിത പ്രൊജക്റ്റ്

5. ക്ലാസ്സിൽ ഒരു ബാങ്ക്

ഗണിതപഠനം ആസ്വാദ്യകരമാക്കുക

പ്രവർത്തനങ്ങൾ

ഗണിത കേളികൾ

സംഖ്യഗാനങ്ങൾ

ഗണിതവുമായി ബന്ധപ്പെട്ട കടം കഥകൾ നിർമ്മിക്കൽ, ശേഖരിക്കൽ, കുസൃതികണക്കുകൾ

ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ചെയ്യാൻ പറ്റുന്ന രീതിയിലുള്ള കളികൾ- കുട്ടികളെ 5 പേർ വീതമുള്ള കൂട്ടങ്ങൾ ആക്കുന്നു. രണ്ട് ഭാഗങ്ങളിലായി നിർത്തുന്നു. ഉദാ: 9 ഒന്ന് ചേർത്ത സംഖ്യ, നാൽപ്പതു ചേർന്ന സംഖ്യ....

ഉത്തരം കണ്ടെത്തി ആദ്യം നടുവിൽ വെച്ചിരിക്കുന്ന വസ്തു എടുക്കുന്നവർക്ക് 1 പോയിൻറ്

ക്ലാസ് അനുസരിച്ച് സംഖ്യകളും ക്രിയകളും വ്യത്യാസപ്പെടുത്തി കളിക്കൽ. സംഖ്യാ ഗാനങ്ങൾ ശേഖരിക്കുന്നു, സംഖ്യാ പ്രശ്നങ്ങൾ ഉദാ: ഞങ്ങളും...

കടംകഥകൾ- ഒന്നുകൾ എന്നിൽ മൂന്നുണ്ട് പത്താണെങ്കിൽ നാലെണ്ണം ഞാനാരാണെന്ന് പറയാമോ?

2. ദൈനംദിന ജീവിതത്തിൽ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി നേടൽ .

ലക്ഷ്യം

1.പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ

2. ലഘു സമ്പാദ്യ പദ്ധതി എന്ന ആശയം

1. പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ (അധിക സമയം)

പ്രവർത്തനം

1,2 ക്ലാസ്സുകളിൽ വീട്ടിൽ പാല് വാങ്ങുന്ന കണക്ക്, അമ്മ ചുട്ട ദോശയുടെ എണ്ണം ഇതുപോലെ ജീവിത ഗന്ധിയായ ധാരാളം ചോദ്യങ്ങളിലൂടെ വ്യത്യസ്ത ക്രിയകൾ വരുന്ന പ്രശ്നങ്ങൾ ചെയ്യുന്നു.

3,4 ക്ലാസ്സുകളിൽ ഓരോ കുട്ടിയുടെയും വീട്ടിലെ കുടുംബ ബഡ്ജറ്റ് തയ്യാറാക്കുന്നു.

2. ലഘു സമ്പാദ്യ പദ്ധതി എന്ന ആശയം

മൂന്ന്, നാല് ക്ലാസ്സുകളിൽ- ക്ലാസ്സിൽ ഒരു ബാങ്ക്

മാസത്തിലെ അവസാന വെള്ളിയാഴ്ച്ച ഉച്ചക്ക് 1.30 മുതൽ 2 വരെ പണം സ്വീകരിക്കും. 5,10 രൂപ. ക്യാഷ് കൌണ്ടർ ഉൾപ്പെടെ മൂന്ന് കൌണ്ടർ മാനേജർ, അസി.മാനേജർ, പ്യൂൺ. ഓരോ മാസവും ജീവനക്കാർ മാറുന്നു. ഓരോ കുട്ടിക്കും പാസ്ബുക്ക്. ഫെബ്രുവരിയിൽ പണം മടക്കി കൊടുക്കുന്നു.

പ്രതിഭാ പോഷണം- (മികവിൽ നിന്ന് മികവിലേക്ക്) പിന്നോക്ക പരിശീലനം

പ്രവർത്തനം

പ്രീ ടെസ്റ്റ് SRG യിൽ ഫല വിശകലനം മുന്നോക്കക്കാരെയും പിന്നോക്കക്കാരെയും കണ്ടെത്തുന്നു.

ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി പാക്കേജ് തയ്യാറാക്കുന്നു.

ഗണിത ക്ലബ്

ലക്ഷ്യം

ഗണിതത്തിൽ താല്പര്യം ജനിപ്പിക്കൽ

കൂട്ടായ്മയിലൂടെ പുതിയ ആശയം രൂപപ്പെടുത്തുന്നു

കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പു വരുത്തുന്നു

ഒരു പ്രശ്നത്തെ വിവിധ കോണുകളിലൂടെ സമീപിക്കാനുള്ള അവസരം.

പ്രവർത്തനം

ഗണിത പ്രൊജക്റ്റ്

മനകണക്ക്

ഗണിത പ്രദർശനം

ഓരോ ക്ലാസ്സിലും ഗണിത ക്ലബ്ബ്കൾ രൂപീകരിക്കുന്നു. കൂടാതെ ഓരോ ക്ലാസിലെയും ഗണിതാംഗങ്ങളുടെ ഭാരവാഹികളെ ഉൾപ്പെടുത്തി സ്കൂൾ തല ക്ലബ്ബ്കൾ രൂപീകരിക്കുന്നു.

ക്ലബ്ബിൻറെ നേതൃത്തത്തിൽ ക്ലാസ്സിനനുസരിച്ച് ക്വിസ്സ് മത്സരങ്ങൾ, മനക്കണക്ക് പരിശീലനം, ഗണിതപസിലുകൾ, ഗണിത പാർക്കുകൾ തയ്യാറാക്കുന്നു. ഗണിതാശങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ചെറിയ പ്രൊജെക്ടുകൾ ചെയ്യുന്നു.

ഇംഗ്ലീഷ്

ലക്ഷ്യം - ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കൽ, ഇംഗ്ലീഷിനോടുള്ള ഭയം മാറ്റുക.

പൊതു സമൂഹത്തെ ബോധ്യപെടുത്തൽ

പ്രവർത്തനങ്ങൾ

സ്കൂൾ ആകാശവാണി

ഇംഗ്ലീഷ് അസംബ്ളി

ഇംഗ്ലീഷ് ലൈബ്രറി - ഇംഗ്ലീഷ് കോർണർ

ഇംഗ്ലീഷ് ഫെസ്റ്റ് - 3 മാസത്തിൽ ഒരിക്കൽ

പ്രസംഗം

കത്തെഴുതൽ

ഇംഗ്ലീഷ് ക്ലബ്

ആകാശവാണി

ഇംഗ്ലീഷിൽ കഥ പറയൽ കവിത ചൊല്ലൽ, വാർത്താവായന മുതലായവ ഇടവേളകളിൽ പ്രത്യേക മുറിയിൽ സജ്ജീകരിച്ച മൈക്കിലൂടെ അവതരിപ്പിക്കുന്നു. സാധ്യമായ ദിവസങ്ങളിലെല്ലാം കുട്ടികൾ മാറി മാറി ചെയ്യുന്നു.

**ഇംഗ്ലീഷ് അസംബ്ളി**

ലക്ഷ്യം - എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും,എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക.

**പ്രവർത്തനം**

ആഴ്ച്ചയിൽ 1 ദിവസം അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നതിനു ഒരു ക്ലാസിന് അവസരം കൊടുക്കുന്നു. തുടർന്ന് വരുന്ന ദിവസങ്ങളിൽ മറ്റു ക്ലാസ്സുകളും അവതരിപ്പിക്കുന്നു.

ഇംഗ്ലീഷ് ലൈബ്രറി (ഇംഗ്ലീഷ് കോർണർ)

ലക്ഷ്യം

**ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ**

പ്രവർത്തനം

ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ , പുസ്തകങ്ങൾ, എന്നിവയുടെ ശേഖരം ഒരുക്കുന്നു. ഇംഗ്ലീഷ് വാർത്താ പ്രദർശന ബോർഡ് ഓരോ ക്ലാസ്സിന്റെയും നിലവാരം അനുസരിച്ച് പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നു. ബലപ്രസിദ്ധീകരണങ്ങൾ, ചെറിയ കഥകൾ,വായനാ കാർഡുകൾ എന്നിവ സംഘടിപ്പിക്കുന്നു.

**ഇംഗ്ലീഷ് ഫെസ്റ്റ്**

ലക്ഷ്യം

വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ

**പ്രവർത്തനം**

ക്ലാസ് തലത്തിൽ രൂപം കൊണ്ട ഉൽപ്പന്നങ്ങളുടെ പ്രദർശനവും സ്കിറ്റ്,കഥ, കവിത,സംഭാഷണം,നാടകം... അവതരണവും ക്ലാസ് അടിസ്ഥാനത്തിലും ഒരു ടേമിൽ ഒന്ന് പൊതുവായും നടക്കുന്നു. കുട്ടികളുടെ ഭാഷ ശേഷി വർധിപ്പിക്കുന്നതിനായി വിദഗ്ദ്ധരെ കൊണ്ടുവരുന്നു.

പ്രസംഗ പരിശീലനം- രചനാ ശില്പശാല

രചനയിൽ താല്പര്യം ജനിപ്പിക്കൽ

കഥ,കവിത രചനയിൽ പരിശീലനം. രചനാശില്പശാലയിലൂടെ തയ്യാറാക്കിയ ഉൽപ്പന്നങ്ങൾ ആകാശവാണിയിൽ അവതരിപ്പിക്കുന്നതിനു പരിശീലനം. 3,4 ക്ലാസ്സ് ചെറിയ വിഷയങ്ങളെകുറിച്ച് സംസാരിക്കുന്നതിനുള്ള പരിശീലനവും ഉറപ്പിക്കുന്നു.ഇംഗ്ലീഷിൽ കത്ത്, ഡയറി എഴുത്ത്

ലക്ഷ്യം- ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ

പ്രവർത്തനം 3,4 ക്ലാസ്സ്

സ്കൂളിലെ ഒരു മാസത്തെ അക്കാദമിക പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു സ്കൂളിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പങ്കുവയ്ക്കൽ.

ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറി എഴുതുന്നു.(3,4)

# പരിസര പഠനം

ലക്ഷ്യങ്ങൾ

1. പ്രകൃതിയിലെ സസ്യങ്ങളുടേയും ജീവജാലങ്ങളുടെയും വൈവിധ്യം തിരിച്ചറിയുന്നു.

2. ജല സംരക്ഷണം.

3. വ്യക്തിശുചിത്വം, സാമൂഹികാശുചിത്വം എന്നിവ പാലിച്ച് ശാരീരിക മാനസിക സാമൂഹിക ആരോഗ്യം നേടുക.

4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.

പ്രവർത്തനങ്ങൾ

1. ജൈവവൈവിധ്യ പാർക്ക്

2. പ്ലാസ്റ്റിക് വിമുക്ത സ്കൂൾ ക്യാമ്പസ്

3. ജല സംരക്ഷണ പ്രവർത്തനം

4. ഇലമേള

5. ശുചിത്വം

6. കാടറിയാൻ കാവറിയാൻ

7. പുഴ നടത്തം

8. മണ്ണ് പ്രദർശനം

**ജൈവവൈവിധ്യ പാർക്ക്**

ലക്ഷ്യം- പഠനത്തെ പരിസര ബന്ധിയും ജീവിത ഗന്ധിയും ആക്കുവാൻ ആവാസ പരിസര സാദ്ധ്യതകൾ പ്രയോജനപ്പെടുത്തൽ

പ്രവർത്തനം- സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ പൂച്ചെടികൾ, ഔഷധ സസ്യങ്ങൾ, വിവിധയിനം,ചെമ്പരത്തി തുടങ്ങിയ തൈകൾ ശേഖരിക്കുന്നു. സ്കൂളിൻറെ പിൻഭാഗത്ത് സ്ഥലമൊരുക്കി തൈകൾ നടുന്നു. മുൻവശത്തെ പൂന്തോട്ടത്തിലും ആവശ്യമായാ സജ്ജീകരണങ്ങൾ ചെയ്യുന്നു.

## സ്കൂൾ ഗ്രാമ സഭ - പ്രത്യേക പ്രവർത്തനങ്ങൾ

**ആമുഖം**:- വിവിധ പ്രവർത്തങ്ങൾക്ക് സഹായകരമായി വിദ്യാർഥികളിൽ സംഘബോധം വളർത്തുന്നതിനും സർഗ്ഗാൽമക കഴിവുകൾ വികസിപ്പിക്കുന്നതിനും പരിസ്ഥിതി അവബോധം വളർത്തുന്നതിനുമാണ് സ്കൂളുകളിൽ വിവിധ ക്ലബ്ബുകള് രൂപവൽക്കരിച്ച് പ്രവർത്തിക്കുന്നത്. കൂടാതെ ആരോഗ്യ ശുചിത്വ ശീലങ്ങൾ, ഗണിതാഭിരുചി, നേതൃത്വ ഗുണങ്ങൾ, സഹകരണ മനോഭാവം, പരസ്പര സൗഹൃദം, സ്നേഹം, സഹജീവികളെ പരിഗണിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള മനോഭാവം തുടങ്ങിയവയും ക്ലബ് പ്രവർത്തനം ലക്ഷ്യമാക്കുന്നു.

വിവിധ ക്ലബ്ബ്കളുടെ സജീവ പ്രവർത്തനം പഠന പ്രവർത്തങ്ങൾക്ക് സഹായകരമാണ്. ക്ലബ്ബ്കളുടെ ഏകോപനമില്ലായ്മയും കൃത്യമായ മോണിറ്ററിങ് ഇല്ലാത്തതും ബാധിക്കുന്നുണ്ട്. ക്ലബ്ബ്കളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും മോണിറ്ററിങ് നടത്തുന്നതിനും വേണ്ടിയാണ് സ്കൂൾ ഗ്രാമ സഭ എന്ന ആശയം മുന്നോട്ടു വെക്കുന്നത്.

ലക്ഷ്യം-

1. സ്കൂളിലെ വിവിധ ക്ലബ്ബ്കളുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

2. ക്ലബ്ബ്കളുടെ പ്രവർത്തനത്തിൽ മുഴുവൻ കുട്ടികളെയും പങ്കാളികളാക്കുക.

3. പ്രവർത്തനങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുക

4. ഓരോ ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും പങ്കാളികളാകാനും സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അവസരം ലഭ്യമാക്കുക.

5. ഗ്രാമസഭ എന്ന ആശയം മനസിലാക്കുന്നതിനും ജനാധിപത്യ പ്രക്രിയയിൽ പങ്കാളികളാകുന്നതിനുമുള്ള അവസരം.

പ്രവർത്തനങ്ങൾ:-

സ്കൂളിൽ വിദ്യാരംഗം, പരിസ്ഥിതി, വായന, ഗണിതം, ഇംഗ്ലീഷ് ക്ലബ്ബ്, ആരോഗ്യ ശുചിത്വം, ബാലസഭ തുടങ്ങിയ ക്ലബ്ബ്കൾ രൂപവൽക്കരിക്കുന്നു. കുട്ടികളുടെ കഴിവും നോക്കി അംഗത്വം നൽകുന്നു.

# പഠനയാത്രകൾ

നേരിട്ട് കണ്ടറിഞ്ഞു കാര്യം ഗ്രഹിക്കാൻ അവസരം ഒരുക്കൽ

യാത്ര വിവരണം തയ്യാറാക്കൽ

പ്രവർത്തനം

3,4 ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി പഠനയാത്രകൾ സംഘടിപ്പിക്കുന്നു. സ്ഥലത്തിന്റെ ചരിത്ര പ്രാധാന്യം മറ്റുകാര്യങ്ങൾ എന്നിവ മനസിലാക്കുന്നു.

ക്ലാസ് പി ടി എ

ലക്ഷ്യം- സ്കൂൾ പ്രവർത്തനങ്ങളിൽ രക്ഷാകർത്താവിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം വർദ്ധിപ്പിക്കുക

കുട്ടിയുടെ പഠന നേട്ടവും പഠന പിന്നോക്കവസ്ഥതയും യഥാസമയം രക്ഷാകർത്താവിനെ ബോധ്യപെടുത്തുകയും കൂട്ടായ ചർച്ചയിലൂടെ പരിഹരിക്കുകയും ചെയ്യൽ

അധ്യാപക രക്ഷാകർതൃബന്ധം ശക്തിപ്പെടുത്തൽ.

പ്രവർത്തനം

എല്ലാമാസവും CPTA ചേരുന്നു, കുട്ടികളുടെ മികവുകളുടെ അവതരണം പഠന പ്രവർത്തനങ്ങളുടെ അവലോകനം അടുത്ത മാസത്തെ പഠന പ്രവർത്തനങ്ങൾ പരിചയപ്പെടൽ.

എസ്. ആർ.ജി. യോഗങ്ങൾ

ലക്ഷ്യം- ക്ലാസ്സ്റൂം അനുഭവങ്ങൾ കൃത്യതയോടെയും സമയബന്ധിതമായും റിപ്പോർട്ട് ചെയ്യൽ

പ്രവർത്തനങ്ങൾ- SRG യോഗം ചേരുന്നതിനുള്ള ഫോർമാറ്റ് തയ്യാറാക്കുന്നു. ഫോർമാറ്റ് പൂരിപ്പിച്ച് SRG യിൽ വരുന്നു. അക്കാദമിക ചർച്ചകൾനടക്കുന്നു

# കലാപഠനം

ലക്ഷ്യങ്ങൾ

കുട്ടികളുടെ സർഗ്ഗശേഷി വികസനം

പൊതുവേദികളിൽ നിസ്സങ്കോചം പങ്കെടുക്കുവാനുള്ള കഴിവ് നേടൽ

വ്യത്യസ്തങ്ങളായ കലാരൂപങ്ങൾ പരിചയപ്പെടൽ

പഠനനിലവാരം ഉയർത്തൽ

പ്രവർത്തനങ്ങൾ- ഒന്നാംതരം , രണ്ടാംതരം- ബാലസഭാ രൂപകരിക്കുന്നു. ആഴ്ചയിലെ അവസാന ദിവസം ക്ലാസ് തലത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുന്നു. ക്ലാസ്സ്റൂം പ്രവർത്തനത്തിൻറെ ഭാഗമായി രൂപപ്പെട്ട സ്കിറ്റ്,കഥ,കവിത എന്നിവയും മറ്റു പരിപാടികളും അവതരിപ്പിക്കുന്നു.

3,4 ക്ലാസ്സ്

ക്ലാസ്സ്തലത്തിൽ ബാലസഭാ രൂപീകരിക്കുന്നു. ക്ലാസ്സ് തല ബാലസഭയുടെ ആഭിമുഖ്യത്തിൽ എല്ലാ വെള്ളിയാഴ്ച്ചയും പരിപാടികൾ അവതരിപ്പിക്കുന്നു.

ബാലസഭാ (സ്കൂൾ തലം)

ഓഗസ്റ്റ് മാസം സ്കൂൾ തല ബാലസഭാ രൂപീകരിക്കുന്നു.ക്ലാസ്സ് തല ബാലസഭകളിൽ മികവ് പുലർത്തുന്നവർക്ക് സ്കൂൾ ബാലസഭയിൽ പരിപാടികൾ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു. ഓഗസ്റ്റ് 31 നകം ഉപ ജില്ലാ കലാ മേളയിൽ പങ്കെടുക്കേണ്ട കുട്ടികളെ തിരഞ്ഞെടുക്കുന്നു.

സ്കൂൾ വാർഷികാഘോഷം

പ്രവർത്തങ്ങൾ ഒന്നുമുതൽ നാലു വരെ ക്ലാസ്സുകളിലെ കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു, ഓരോ ഗ്രൂപ്പിനും ഓരോ അധ്യാപകർക്ക് ചുമതല നൽകുന്നു. മത്സരങ്ങൾക്കായി അധ്യാപകരും രക്ഷിതാക്കളും കുട്ടികളെ ഒരുക്കുന്നു. പൂർവ്വ വിദ്യാർഥികൾ രക്ഷിതാക്കൾ പ്രാദേശികമായി കിട്ടാവുന്ന ആളുകൾ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പരിശീലനം നൽകുന്നു വാർഷിക പൊതുയോഗത്തിൽ തീരുമാനിക്കുന്ന പ്രകാരം കലാകായിക മത്സരങ്ങൾ നടത്തുന്നു.

കലാകായിക മത്സരങ്ങളിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വാർഷിക ദിനത്തിൽ അവസരം നൽകുന്നു.

# ചെസ്സ് പരിശീലനം

ലക്ഷ്യം- വിദ്യാർത്ഥികളിൽ ഏകാഗ്രതയും അപഗ്രഥന ശേഷിയും വളർത്തുക.

ചെസ്സ് കളിയോടുള്ള ആഭിമുഖ്യം വളർത്തുക.

വിനോദത്തിലൂടെ വിജ്ഞാനം.

പ്രവർത്തനം-

എല്ലാ ക്ലാസ്സിലും ചെസ്സിൻറെ ബാല പാഠങ്ങളും നിയമങ്ങളും കരുക്കളും പരിചയപ്പെടുത്തുന്നു.രക്ഷിതാക്കളുടെ സഹായത്തോടെ ചെസ്സ് ബോർഡുകൾ സമാഹരിക്കുന്നു. ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തി പരിചയം-

ലക്ഷ്യം -

സ്വയം തൊഴിൽ എന്ന ആശയം.

നിമ്മാണ പ്രവർത്തിയിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.

പ്രവർത്തനം.

പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി കുട്ടികൾക്ക് പരിശീലനം കൊടുക്കുന്നു. ലഭ്യമായവരുടെ പേരുവിവരങ്ങൾ

പനയോലനിർമ്മാണം- കുഞ്ഞിക്കണ്ണൻ പാലത്തിങ്കൽ, ബിനു പാലത്തിങ്കൽ

മുള കൊണ്ടുള്ള ഉൽപ്പന്നങ്ങൾ- അമ്പാടി പാടിയിൽ, കുഞ്ഞിക്കണ്ണൻ പാലത്തിങ്കൽ

പാഴ്‌വസ്തുക്കൾ കൊണ്ടുള്ള നിർമ്മാണം- അനിഷ പി ജി

കുട നിർമ്മാണം- സജന സന്തോഷ് പുളിങ്ങോം

ഫാബ്രിക് പെയിന്റിങ് - ഏയ്ഞ്ചൽ നിയ സെബാസ്റ്റ്യൻ

# ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യം - അച്ചടക്കം, ശാരീരിക മാനസിക വളർച്ച, പേശീവികാസം എന്നിവയുടെ അടിത്തറ രൂപപ്പെടുത്തൽ

കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക.

ശാരീരിക വളർച്ചക്ക് പോഷക പ്രധാനമായ ഭക്ഷണം നൽകൽ.

പ്രവർത്തനം

കായിക പരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. സബ് ജില്ലാ കായിക മേളക്ക് മുന്നോടിയായി കായികപരമായി കഴിവുള്ള കുട്ടികളെ കണ്ടെത്തി തിരഞ്ഞെടുക്കപെടുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു.

മാസ്ഡ്രിൽ- സ്കൂളിലുള്ള മുഴുവൻ കുട്ടികളെയും ഉൾപ്പെടുത്തി മാസ്ഡ്രില്ലിൽ പ്രാഥമിക പരിശീലനം നൽകുന്നു. തുടർന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികളുടെ നേതൃത്വത്തിൽ ക്ലാസ്സ് തലത്തിൽ പരിശീലിപ്പിക്കുന്നു.

ഉച്ചഭക്ഷണം- സർക്കാർ ധനസഹായത്തോടെ നൽകുന്ന ഭക്ഷണത്തോടൊപ്പം പ്രാദേശികമായി സമാഹരിക്കുന്ന അധിക വിഭവങ്ങളും ഉൾപ്പെടുത്തുന്നു, കൂടാതെ സ്കൂൾ വളപ്പിൽ പപ്പായ,വാഴ,ചേന,ചേമ്പ് എന്നിവ കൃഷി ചെയ്യുന്നു. വൈകുന്നേരങ്ങളിൽ എല്ലാ ദിവസവും ചായയും ബിസ്ക്കറ്റും നൽകി വരുന്നു.

# <u>ഉപസംഹാരം</u>

എൻ. എസ്. എസ്. എൽ പി എസ്, അടൂർ സ്കൂളിന്റെ ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശ ബോധത്തോടെ തയാറാക്കിയതാണ്.ഗുണമെന്മ ഉള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണെന്ന് ആശയം പൂർണമായി പ്രവർത്തികമാക്കാൻ ഈ അക്കാഡമിക മാസ്റ്റർ പ്ലാനിനു സാധിക്കും എന്ന വിശ്വാസത്തോടെ ആണ് ഞങ്ങൾ ഇത് തയാറാക്കിയിരിക്കുന്നത്.അതിന് കഴിയും എന്ന ഉത്തമ വിശ്വാസം ഞങ്ങൾക്കുണ്ട്